(ബി) റെയിൽവേ യാത്രക്കാരുടെ എണ്ണം ക്രമാതീതമായി അനുദിനം വർദ്ധിച്ചു വരുമ്പോഴും, വർഷങ്ങളായി നിലനിന്ന പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്. പാത ഇരട്ടിപ്പിക്കൽ പണികളുടെ നിലവിലെ അവസ്ഥ അനുബന്ധം ആയി ചേർത്തിരിക്കുന്നു. ഷൊർണ്ണൂർ-കണ്ണൂർ വൈദ്യുതീകരണ പ്രവൃത്തി പുരോഗമിക്കുന്നു. ഷൊർണ്ണൂർ-കോഴിക്കോട് വരെയുള്ള സെക്ഷൻ ഉടൻ കമ്മീഷൻ ചെയ്യുകയും ബാക്കിയുള്ളത് മാർച്ച് 2016 നോടുകൂടി കമ്മീഷൻ ചെയ്യുകയും ചെയ്യുമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. കണ്ണൂർ-മംഗലാപുരം വൈദ്യുതീകരണ പ്രവൃത്തി 2016 ജൂൺ മാസത്തിൽ കമ്മീഷൻ ചെയ്യത്തക്ക രീതിയിൽ പുരോഗമിക്കുന്നു.

(ബി) ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതിനാലും സ്ഥലമേറ്റെടുത്ത് റെയിൽവേയ്ക്ക് നല്കുന്നതിനുണ്ടായ തടസ്സങ്ങളും കാരണമാണ് പാതയിരട്ടിപ്പിക്കൽ, ഗേജ്മാറ്റം തുടങ്ങിയ പണികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതെന്ന് വിലയിരുത്തുകയും, ഈ പണികൾക്ക് കൃത്യമായി ആവശ്യമായ തുകകൾ ലഭ്യമാക്കി റെയിൽവേ പണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് ത്വരിതപ്പെടുത്താനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാംതന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഈ പണികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്നും അതിനായി ആവശ്യമായ തുക ഉടൻ അനുവദിക്കണമെന്നും സംസ്ഥാന സർക്കാർ ഇതിനോടകം തന്നെ പല പ്രാവശ്യം റെയിൽവേയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

പേപ്പർലസ് ഓഫീസുകൾ

22 (*502) ശ്രീ. അൻവർ സാദത്ത് :
ശ്രീ. പാലോട് രവി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകൾ പേപ്പർ രഹിതമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ജനങ്ങൾക്ക് ലഭിക്കുന്നത്;

(ഡി) ഇതിനായി ഐ.റ്റി. മിഷൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സർക്കാർ സേവനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിവരുന്നത്. പ്രസ്തുത സംവിധാനത്തിന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. സുതാര്യമായും കാര്യക്ഷമമായും ഫയൽ തീർപ്പുകൽപ്പിക്കുവാൻ ഉദ്യോഗസ്ഥൻമാരെ പ്രാപ്തരാക്കുക.
2. മേൽ ഉദ്യോഗസ്ഥൻമാരുടെ മേൽനോട്ട ചുമതലാ നിർവ്വഹണം എളുപ്പമാക്കുക.
3. സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺ ലൈനായി നൽകുക.
4. ഫയൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള സമയ ദൈർഘ്യം കുറയ്ക്കുക.
5. ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മേൽ ഉദ്യോഗസ്ഥനു ഫയൽ നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കുക.
6. ഫയലുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള സമയം പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുക.
7. റിക്കോർഡുകൾ സൂക്ഷിക്കുന്നതിനും ആവശ്യാനുസരണം പരിശോധിക്കുവാനുള്ള സൗകര്യം ആയാസരഹിതമാക്കുക.
8. ഇ-ഓഫീസ് പൂർണ്ണമായും നിലവിൽ വരുന്നതോടെ സ്റ്റേഷനറി, പ്രിന്റർ തുടങ്ങിയ ഇനത്തിൽ ചെലവു കുറയ്ക്കുക.
9. ഫയലിലെ തീരുമാനങ്ങൾ കാലതാമസമില്ലാതെ ജനങ്ങളെ അറിയിക്കാനുള്ള സൗകര്യമൊരുക്കുക.
10. ഉദ്യോഗസ്ഥർക്ക് ഏത് സമയത്തും ഫയൽ പരിശോധിക്കാൻ സാധിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.
11. ശ്രുചിത്വ പൂർണ്ണമായ ആധുനിക സർക്കാർ ഓഫീസുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫയൽ നിക്കം ഓൺലൈനാകുന്നതിനാൽ ഇ-ഓഫീസ് സിറ്റിസൺ ഇന്റർഫേസ് വഴി ഇന്റർനെറ്റിലൂടെ ഫയലിന്റെ തൽസ്ഥിതി വിവരം അറിയുവാൻ സാധിക്കും.

(ഡി) ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ ഈ പദ്ധതി നടപ്പാക്കുന്നതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, ഡിജിറ്റൽ സിഗ്നേച്ചർ, വെർച്ച്വൽ പ്രൈവറ്റ് നെറ്റ് വർക്ക് എന്നിവ അനുവദിച്ചു നൽകുന്നതുകൂടാതെ പദ്ധതിയുടെ നടത്തിപ്പിനായി ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപവത്കരിക്കുകയും എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി അതാതു വകുപ്പിൽ നിന്നു തന്നെയുള്ള ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ആദിവാസി മേഖലയിലെ പുരോഗതി

23 (*503) ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഫിഷറീസും തുറമുഖങ്ങളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയിൽ ചെലവിട്ട ഇകയ്യ് ആനുപാതികമായി ജീവിത സാഹചര്യങ്ങളിലുണ്ടായ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ആദിവാസി മേഖലയ്ക്ക് അനുവദിക്കപ്പെട്ട സംഖ്യയുടെ ചെലവിടലിന്റെ രോഗമായി വിവിധ ജീവിത സാഹചര്യങ്ങളിലുണ്ടായ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ആദിവാസികൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന ധനം യഥാവിധി ഉപയോഗപ്പെടുന്നുണ്ടെങ്കിൽ, ഇത്തരം സാഹചര്യത്തിൽ ആദിവാസികൾ ഇപ്പോഴും ദുരിതമനുഭവിക്കേണ്ടിവരുമായിരുന്നു എന്ന് കരുതുന്നുണ്ടോ ?

(ഡി) എങ്കിൽ ഏത് തരത്തിലാണ് ഇതിന് വീഴ്ച വരുന്നതെന്ന് അന്വേഷിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly